ചൂൽപ്പുറത്ത് അടച്ചിട്ട വീട് കുത്തിത്തുറന്ന് മോഷണം

ഗുരുവായൂർ: ചൂൽപ്പുറത്ത് അടച്ചിട്ട വീട് കുത്തിത്തുറന്ന് മോഷണം. കറുപ്പം വീട്ടിൽ കമറുദ്ദീന്റെ വീട്ടിലാണ് മോഷണം നടന്നത്. വീടിന് പുറത്ത് വച്ചിരുന്ന സ്കൂട്ടറും അകത്തുണ്ടായിരുന്ന തയ്യൽ മെഷീനുമാണ് മോഷണം പോയത്. വിദേശത്തുള്ള കമറുദ്ദീന്റെ ഭാര്യയും മകനും മാത്രമാണ് വീട്ടിൽ താമസം. ഇവർ ബുധനാഴ്ച തൃത്താലയിലുള്ള ബന്ധുവിന്റെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ പോയതായിരുന്നു. ഇന്നലെ രാവിലെ മോഷണ വിവരം അറിഞ്ഞാണ് ഇവർ തിരിച്ചെത്തിയത്. വീടിന്റെ മുൻവശത്തെ വാതിൽ തകർത്ത് അകത്തു കടന്ന മോഷ്ടാക്കൾ അലമാരകൾ തുറന്ന് സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലാണ്. അലമാരയിൽ ഉണ്ടായിരുന്ന വാഹനത്തിന്റെ രേഖകളും താക്കോലും കവർന്നു. വീട്ടിലെ സി.സി.ടിവി നശിപ്പിച്ച് ഹാർഡ് ഡിസ്ക് മോഷ്ടാക്കൾ കൊണ്ടുപോയി. ഗുരുവായൂർ പോലീസ് സ്ഥലത്തെത്തി കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി.

സെക്യൂരിറ്റി ജീവനക്കാരനെ മർദിച്ച യുവാവ് അറസ്റ്റിൽ

ഗുരുവായൂർ: ഷോപ്പിങ് കോംപ്ലക്സിന് മുന്നിൽ മൂത്രമൊഴിക്കുന്നത് ചോദ്യം ചെയ്ത സെക്യൂരിറ്റി ജീവനക്കാരനെ ക്രൂരമായി മർദിച്ച യുവാവിനെ ഗുരുവായൂർ ടെമ്പിൾ പോലീസ് അറസ്റ്റ് ചെയ്തു. ചക്കംകണ്ടം കരുമത്തിൽ ദീപക്കിനെയാണ് എസ്.എച്ച്.ഒ. ജി. അജയകുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരേ നിരവധി അടിപിടി കേസുകളും കഞ്ചാവ് കേസുകളും ഉണ്ടെന്ന് പോലീസ് പറഞ്ഞു.

കിഴക്കേ നടയിലെ പ്രൈവറ്റ് ബസ് സ്റ്റാൻഡിനു മുന്നിലുള്ള കൃഷ്ണനാഞ്ജലി ഷോപ്പിങ് കോംപ്ലക്സിലെ സെക്യൂരിറ്റി ജീവനക്കാരൻ കൈപ്പറമ്പ് പാറപ്പുറത്ത് ബാലനാണ് മർദനമേറ്റത്. തിങ്കളാഴ്ച രാത്രി 10.45നാണ് സംഭവം. ഷോപ്പിങ് കോംപ്ലക്സിന് അകത്ത് കയറി മൂത്രമൊഴിക്കുന്നത് ചോദ്യം ചെയ്ത ഉടനെ സംഘം ചേർന്ന് ബാലനെ മർദിക്കുകയായിരുന്നു. ക്രൂരമായി മർദനമേറ്റ ബാലൻ ദേവസ്വം മെഡിക്കൽ സെന്ററിൽ ചികിത്സ തേടി. സംഭവത്തിൽ ഉൾപ്പെട്ട മറ്റു പ്രതികൾക്ക് വേണ്ടി അന്വേഷണം ഊർജിതമാക്കിയതായി പോലീസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ഉത്രാളിക്കാവിൽ പ്രതിഷ്ഠാദിനം

വടക്കാഞ്ചേരി: ഉത്രാളിക്കാവിൽ പ്രതിഷ്ഠാദിനം ആഘോഷിച്ചു. വിശേഷാൽ പൂജകൾ, നവകം, പഞ്ചഗവ്യം, കളഭം അഭിഷേകങ്ങൾക്കു തന്ത്രി കാർമികത്വം വഹിച്ചു. രാവിലെ മേളത്തോടും രാത്രി പഞ്ചവാദ്യത്തോടും എഴുന്നള്ളിപ്പ് ഉണ്ടായി. ഉച്ചയ്ക്ക് പ്രസാദ ഊട്ടും നൽകി.

ചാലക്കുടി പുഴയിൽ ആനകൾക്കൊപ്പം നാട്ടുകാരും കുളിക്കാനെത്തുന്നത് കൗതുകമാകുന്നു

ചാലക്കുടി: കാട്ടാന ആക്രമണ ഭയമില്ലാതെ ചാലക്കുടി പുഴയിൽ ആനകൾക്കൊപ്പം നാട്ടുകാരും കുളിക്കാനെത്തുന്നത് കൗതുകമാകുന്നു.

ആനകളും മനുഷ്യരും തമ്മിൽ സൗഹൃദം പങ്കിടുന്ന കാഴ്ചയാണ് വെറ്റിലപ്പാറയിൽ. വെറ്റിലപ്പാറ ഭാഗത്താണ് ചാലക്കുടി പുഴയിൽ കാട്ടാനകളും മനുഷ്യരും പരസ്പരം ശല്യപ്പെടുത്താതെ ഒരേ സമയം കുളിക്കുന്നത്. വേനൽ കനത്തതോടെ വെറ്റിലപ്പാറ ഭാഗത്തെ പതിവ് കാഴ്ചയാണിത്. വനത്തിനുള്ളിലെ കാട്ടരുവികൾ വറ്റിയതോടെ രാവിലേയും വൈകുന്നേരങ്ങളിലും വെള്ളം കുടിക്കാനും കുളിക്കാനുമൊക്കെയായാണ് കാട്ടാനക്കൂട്ടം പുഴയിലെത്തുന്നത്.

ആനകൾ ഉപദ്രവിക്കില്ലെന്ന ഉറപ്പുള്ളതിനാൽ നാട്ടുകാരും പുഴയുടെ മറ്റൊരു ഭാഗത്ത് കുളിക്കാൻ ധൈര്യപ്പെടുന്നു. പ്ലാന്റേഷൻ മേഖലയിൽനിന്നും പുഴയിലേക്ക് കൂട്ടത്തോടെ എത്തുന്ന കാട്ടാനക്കൂട്ടത്തിൽ കൊമ്പൻമാരും കുട്ടിയാനകളും ഉണ്ടാകും. ആനക്കുളി കാണാൻ സഞ്ചാരികളും എത്തുന്നുണ്ട്.

▪ ചാലക്കുടി പുഴയുടെ വെറ്റിലപ്പാറ ഭാഗത്ത് വെള്ളം കുടിക്കാനെത്തിയ കാട്ടാനക്കൂട്ടം. ഫൈസൽ അന്നമനട പകർത്തിയ ചിത്രം.

▪ ഉത്രാളിക്കാവിൽ പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു നടത്തിയ എഴുന്നള്ളിപ്പ്.

റോഡിന്റെ വശമിടിഞ്ഞത് അപകടക്കെണിയാകുന്നു

ചാലക്കുടി: റോഡിന്റെ വശമിടിഞ്ഞത് അപകടക്കെണിയാകുന്നു. അതിരപ്പിള്ളി റോഡിൽ അജന്ത ക്ലബ്ബിന് സമീപത്തെ കനാൽ റോഡിന്റെ പ്രവേശനത്തിൽ റോഡിന്റെ വശമാണിടിഞ്ഞിരിക്കുന്നത്. മെയിൽ റോഡിൽ നിന്നും കനാൽ റോഡിലേക്ക് കയറുന്ന ഭാഗത്താണ് റോഡ് ഇടിഞ്ഞിരിക്കുന്നത്. വാഹനങ്ങൾ ഇതുവഴി കയറിയിൽ റോഡിടിഞ്ഞ് കനാലിലേക്ക് പതിക്കുന്ന അവസ്ഥയാണിപ്പോൾ. കാലപഴക്കത്തെ തുടർന്ന് കനാലിന്റെ കരിങ്കൽകെട്ട് ഇടിഞ്ഞതാണ് റോഡിതകരാൻ കാരണമായത്. റോഡ് ഉടൻ കെട്ടി സംരക്ഷിച്ചില്ലെങ്കിൽ വൻ അപകടത്തിന് വഴിതെളിക്കും.

▪ അജന്ത ക്ലബ്ബിന് സമീപത്തെ റോഡ് ഇടിഞ്ഞ അവസ്ഥയിൽ.

ഡോ. വി. ശിവാനന്ദൻ ആചാരി കുസാറ്റ് രജിസ്ട്രാർ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് മുൻ ഡയറക്ടറും മുൻ സിൻഡിക്കേറ്റ് അംഗവുമായ ഡോ.വി ശിവാനന്ദൻ ആചാരി സർവകലാശാലയുടെ രജിസ്ട്രാറായി ചുമതലയേറ്റു.

കുസാറ്റിൽ 23 വർഷത്തെ അധ്യാപന/ഗവേഷണ പരിചയമുള്ള അക്കാദമിക വിദഗ്ധനായ ഡോ ആചാരി, ഫാക്കൽറ്റി ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് മേധാവി, യു.ജി.സി-എസ്എപി-ഡി.ആർ.എ റിസർച്ച് പ്രോഗ്രാമിന്റെ കോർഡിനേറ്റർ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, വ്യവസായ നിർദിഷ്ട പാരിസ്ഥിതിക വിഷയങ്ങളിൽ കൺസൾട്ടന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ നിന്നും എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രിയിൽ രണ്ടാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടി. നെതർലൻഡ്സിലെ ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൽഫ്റ്റിൽ നിന്നു രണ്ട് തവണ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തി. കൊല്ലം പത്തനാപുരം സ്വദേശിയായ ഡോ. ആചാരി, പി. കെ. വേലായുധൻ ആചാരിയുടെയും, സി.തങ്കമ്മാളിന്റെയും മകനാണ്.

ഭാര്യ ഡോ. വി. ആർ. ബിന്ദു ഗോൾ മട്ടാഞ്ചേരി വിമൻ ആൻഡ് ചിൽഡ്രൻ ആശുപത്രയിലെ അനസ്തേഷ്യ കൺസൾട്ടന്റാണ്. ആദിത്യശ്രീ ഹരികേശവ് ആചാരി (ബിടെക് ഇലക്ട്രോണിക്സ് വിദ്യാർഥി, രാജഗിരി), ആദിത്യശ്രീറാം ശിവദേവ് ആചാരി (ചിന്മയ വിദ്യാലയ, തൃപ്പൂണിത്തുറ) എന്നിവരാണ് മക്കൾ.

❑ വിലനിലവാരം

സ്വർണം പവന്..... 53,000

കൊച്ചി

● **വെളിച്ചെണ്ണ**
- മില്ലിങ്..... 15,500
- വെളിച്ചെണ്ണ..... 16,000
- കൊപ്ര.....10250-10450

● **പിണ്ണാക്ക്**
- എക്സ്പെല്ലർ..... 2700
- റോട്ടറി..... 3000

● **കുരുമുളക്**
- പുതിയത്..... 56,200

● **ചുക്ക്**
- മീഡിയം..... 36,000
- ബെസ്റ്റ്..... 38,000

● **മഞ്ഞൾ**
- നാടൻ..... 15,000-17,000
- സേലം.....17,000

● **തൃശൂർ**
- വെളിച്ചെണ്ണ - 15900
- കൊപ്ര -10300
- നാളികേരം - 3200
- തേങ്ങാപിണ്ണാക്ക് - 2800
- കടലെണ്ണ - 3150
- നല്ലെണ്ണ - 3150
- എള്ളിൻപിണ്ണാക്ക് 4600
- കുരുമുളക്- 55000
- സ്വർണം - 6625
- അമല
- അടയ്ക്ക-
- പഴയത് 6989-7801
- പുതിയത് 7120-7621

കിണറ്റിൽ വീണ സ്ത്രീയെ രക്ഷിക്കാൻ ഇറങ്ങിയവർ ശ്വാസം കിട്ടാതെ കിണറ്റിൽ കുഴഞ്ഞുവീണു

എരുമപ്പെട്ടി: വെള്ളാറ്റഞ്ഞൂരിൽ കിണറ്റിൽ വീണ സ്ത്രീയെ രക്ഷിക്കാൻ ഇറങ്ങിയവർ ശ്വാസം കിട്ടാതെ കിണറ്റിൽ കുഴഞ്ഞുവീണു. ഒടുവിൽ നാട്ടുകാരുടെ സഹായത്തോടെ മൂവരേയും രക്ഷിക്കുകയായിരുന്നു.വെള്ളാറ്റഞ്ഞൂർ സ്വദേശികളായ കുറ്റിക്കാട്ട് സലോമിയാണ് വീട്ടുവളപ്പിലെ കിണറ്റിൽ വീണത്. രക്ഷാപ്രവർത്തനത്തിനിറങ്ങിയ വെങ്ങിലിശേരി പട്ടിയിൽ ജയനും കറ്റശേരി പ്രഭാകരനും ആദ്യം കിണറ്റിൽ ഇറങ്ങിയെങ്കിലും ശ്വാസം കിട്ടാതെ കയറുകയായിരുന്നു. കിണറ്റിൽ വീണ സ്ത്രീയുടെ നില അത്യന്തം ഗുരുതരമാണെന്ന് മനസിലാക്കിയതിനെ തുടർന്ന് താത്കാലിക സജ്ജീകരണങ്ങൾ ഒരുക്കി ഇവർ വീണ്ടും ഇറങ്ങുകയും സ്ത്രീയെ രക്ഷിക്കുകയും ചെയ്തു. എന്നാൽ പിന്നീട് കിണറ്റിൽ ശ്വാസം കിട്ടാതെ അവശരായ ജയനേയും പ്രഭാകരനേയും രക്ഷാപ്രവർത്തനത്തിനെത്തിയ നാട്ടുകാർ ഒരുവിധത്തിൽ വലിച്ച് പുറത്ത് കയറ്റുകയായിരുന്നു. തുടർന്ന് ഇവരെ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു. മൂന്നുപേരും അപകടനില തരണം ചെയ്തു.

മേയ് ദിനാചരണം

കുന്നംകുളം: ഇടതുപക്ഷ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ കുന്നംകുളം നഗരത്തിൽ മേയ്ദിന റാലിയും പൊതുയോഗവും സംഘടിപ്പിച്ചു. കുന്നംകുളം നഗരസഭ ഓഫീസ് പരിസരത്ത് നിന്ന് നൂറുകണക്കിന് തൊഴിലാളികൾ അണിനിരന്ന റാലി നഗരം ചുറ്റി പഴയ ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിച്ചു. തുടർന്ന് നടന്ന പൊതുയോഗം സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗം ആർ.വി. ഇക്ബാൽ ഉദ്ഘാടനം ചെയ്തു. ഐ.എൻ.എൽ.സി. സംസ്ഥാന സെക്രട്ടറി ഇ.എ. ദിനമണി അധ്യക്ഷനായി, സി.ഐ.ടി.യു. നേതാക്കളായ പി. എം. സോമൻ, പി.ജി. ജയപ്രകാശ്, സി. ജി. രഘുനാഥ്, കെ.എ.അസീസ്, സി. കെ. രവി, എം.എസ്. പ്രേമലത, എ.ഐ.ടി.യു.സി. മണ്ഡലം പ്രസിഡന്റ് കെ.വി. ശങ്കരനാരായണൻ പ്രസംഗിച്ചു.

▪ കുന്നംകുളം പാറേമ്പാടത്തെ ആളൊഴിഞ്ഞ പാടത്തുണ്ടായ അഗ്നിബാധ.

പാടത്ത് വൻ അഗ്നിബാധ

കുന്നംകുളം: പാറേമ്പാടത്ത് ആളൊഴിഞ്ഞ പാടത്ത് വൻ അഗ്നിബാധ. അഞ്ച് ഏക്കറിലെ ആളൊഴിഞ്ഞ പാടത്തെ ഉണങ്ങിയ പുല്ല് കത്തിനശിച്ചു. വൈകിട്ട് അഞ്ചിനാണ് തീപിടിത്തം ഉണ്ടായത്. ഉണങ്ങിയ പുല്ലിൽ തീ പടരുന്നത് കണ്ടതോടെ പ്രദേശത്തെ വ്യാപാരികളും നാട്ടുകാരും ചേർന്ന് തീ അണയ്ക്കാൻ ഏറെനേരം ശ്രമം നടത്തിയെങ്കിലും വിഫലമായതിനെ തുടർന്ന് കുന്നംകുളം അഗ്നിരക്ഷാസേനയെ വിവരമറിയിക്കുകയായിരുന്നു. തുടർന്ന് അഗ്നിരക്ഷാസേന സ്റ്റേഷൻ ഓഫീസർ ബി. വൈശാഖിന്റെ നേതൃത്വത്തിലുള്ള അഗ്നിരക്ഷാസേനാസംഘം സ്ഥലത്തെത്തി ഏറെ നേരത്തെ പരിശ്രമത്തിനൊടുവിലാണ് തീ നിയന്ത്രണവിധേയമാക്കിയത്. അഗ്നിരക്ഷാസേനാ ഉദ്യോഗസ്ഥരായ ഷിനോജ്, ടോണി, ഹരിക്കുട്ടൻ, അമൽ, ശരത്ത് എസ്. കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

കെ. സ്മാർട്ട് ഫെസിലിറ്റേഷൻ സെന്റർ

കുന്നംകുളം: ഓൺലൈൻ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കുന്നംകുളം നഗരസഭയിൽ കെ. സ്മാർട്ട് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. കുടുംബശ്രീ സംരംഭമായാണ് കെ. സ്മാർട്ട് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്. രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ ഫെസിലിറ്റേഷൻ സെന്റർ തുറന്നു പ്രവർത്തിക്കും. നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ, സ്ഥിരം സമിതി അധ്യക്ഷന്മാരായ പി.എം. സുരേഷ്, സജിനി പ്രേമൻ, പ്രിയ സജീഷ്, സെക്രട്ടറി കെ.ബി. വിശ്വനാഥൻ, സി.ഡി.എസ്. ചെയർപേഴ്സൺമാരായ ശശികല, ഷിജി പങ്കെടുത്തു.

ആധാരം നഷ്ടപ്പെട്ടു

എനിയ്ക്കും, അമ്മയ്ക്കും, ചേലക്കര സ.റ. 1978 ൽ 700-ാം നമ്പർ ഭാഗധാരപ്രകാരം സിദ്ധിച്ച വഹകളുടെ ഒറിജിനൽ ആധാരം തിരിച്ച് കിട്ടാത്തവിധം ചിതലരിച്ച് നശിച്ചു പോയിട്ടുള്ളതിനാൽ ആയതിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉപയോഗിച്ച് മകന് കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതിനെ സംബന്ധിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിൽ 7 ദിവസത്തിനകം അറിയിക്കേണ്ടതും അതിന് ശേഷം വഹകൾ ക്രയവിക്രയം ചെയ്യുന്നതുമാണ്.

എന്ന്, സേതുമാധവൻ,
S/o.ലക്ഷ്മിക്കുട്ടിയമ്മ,
വടക്കേത്തൊടി, പൈങ്കുളം (പി.ഒ),
ചെറുതുരുത്തി വഴി, തൃശൂർ ജില്ല,
ഫോൺ : 9747595908.

അറിയിപ്പ്

തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, ചെന്ത്രാപ്പിന്നി വില്ലേജ് ദേശത്ത് പാറയിൽ കൊച്ചുരാമൻ മകൻ പ്രതാപൻ എന്നവർക്ക് തൃപ്രയാർ സബ് രജിസ്ട്രിയിലെ 654/1993 നമ്പർ തീറാധാരപ്രകാരം അവകാശപ്പെട്ട ചെന്ത്രാപ്പിന്നി വില്ലേജ് റീ സർവ്വെ 84/8 ലെ 1.62 ആർ വസ്തുവഹകളും, മേപ്പടി പ്രതാപൻ, ടിയാൻ ഭാര്യ പുഷ്പാവതി എന്നിവർക്ക് തൃപ്രയാർ സബ് രജിസ്ട്രിയിലെ 609/1981, 889/1981 എന്നീ തീറാധാരപ്രകാരം അവകാശപ്പെട്ട ചെന്ത്രാപ്പിന്നി വില്ലേജ് റീ സർവ്വെ 84/8 ലെ 4.45 ആർ, 18.79 ആർ വസ്തുവഹകളും ഈടു നൽകി വായ്പ എടുക്കുന്നതിനായി കനറാ ബാങ്ക്, കോട്ടയം-2 ബ്രാഞ്ചിനെ സമീപിച്ചിട്ടുള്ളതാണ്. ചെന്ത്രാപ്പിന്നി വിജിലെ റീ സർവ്വെ 84/8 ലെ 31.60 ആർ വഹകൾ വേറെയും വഹകളോടു കൂടി തൃപ്രയാർ സബ് രജിസ്ട്രിയിലെ 1077/1968 നമ്പർ ആധാരപ്രകാരം ചേറുക്കാരൻ മകൻ ചേനുക്കുട്ടി എന്നവർക്ക് ലഭിച്ചിരുന്നതും, ടി ചേനുക്കുട്ടി എന്നവർ വർഷങ്ങൾക്കുമുമ്പ് മരണപ്പെട്ടിട്ടുള്ളതും, ടിയാന്റെ അവകാശികളായ 1. വേലായുധൻ, 2. കല്ലു, 3. പൊന്നിക്കുട്ടി, 4. ചക്കി, 5. പാറു, 6. അയ്യ, 7. കോത, 8. കുറുമ്പ, 9. കുഞ്ഞയ്യ, 10. സരോജിനി എന്നിവർ കൂടി ടിയാരുടെ സഹോദരനും കൂട്ടാവകാശിയുമായ ചേറുക്കാരൻ എന്നവർക്ക് തൃപ്രയാർ സബ് രജിസ്ട്രിയിലെ 610/1981 നമ്പർ ആധാരപ്രകാരം ചെന്ത്രാപ്പിന്നി വിജ് റീ സർവ്വെ 84/8 ലെ 1.60 ആർ (4 സെന്റ്) വഹകൾ ഒഴുമുറി കൊടുത്തിട്ടുള്ളതും പിന്നീട് ടി വഹകൾക്ക് കൊടുങ്ങല്ലൂർ ലാന്റ് ട്രൈബ്യൂണലിൽ നിന്നും 35/1986-ാം നമ്പറായി ക്രയ സർട്ടിഫിക്കറ്റ് ചേറുക്കാരൻ എന്നവർക്ക് ലഭിച്ചിരുന്നതും ടി വഹകൾ 654/1993 നമ്പർ ആധാരപ്രകാരം പ്രതാപൻ തീറ് വാങ്ങിയതുമാണ്. കൂടാതെ ചേനുക്കുട്ടി എന്നവരുടെ അവകാശികളായ വേലായുധൻ മുതൽ 11 പേർ കൂടിയവരിൽ നിന്നും പ്രതാപനും ടിയാന്റെ ഭാര്യ പുഷ്പവതിയും കൂടി ചെന്ത്രാപ്പിന്നി വില്ലേജ് റീ സർവ്വെ 84/8 ലെ 4.40 ആർ (11 സെന്റ്റ്) വഹകൾ തൃപ്രയാർ സബ് രജിസ്ട്രിയിലെ 609/1981 നമ്പർ ആധാരപ്രകാരം തീറ് വാങ്ങിയിട്ടുള്ളതാണ്. ടി ആധാരങ്ങളുടെ കീഴാധാരങ്ങളായ 1077/1968 നമ്പർ ആധാരവും, 610/1981 നമ്പർ ഒഴുമുറി ആധാരവും, കൊടുങ്ങല്ലൂർ ലാന്റ് ട്രൈബ്യൂണലിൽ നിന്നും ലഭിച്ച 35/1986 നമ്പർ ക്രയ സർട്ടിഫിക്കറ്റും തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതാണെന്ന് ബാങ്കി നെഅറിയിച്ചിട്ടുള്ളതാണ്. കൂടാതെ ചേനുക്കുട്ടി എന്നവരുടെ മരണ സർട്ടിഫിക്കറ്റും അവകാശികളെ കാണിക്കുന്ന സർട്ടിഫിക്കറ്റും അധികാര സ്ഥലത്തിൽ നിന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ ചെന്ത്രാപ്പിന്നി വിജിലെ റീ സർവ്വെ 84/8 ലെ 16.60 ആർ (41.5 സെന്റ്) വസ്തുവഹകൾ തൃപ്രയാർ സബ് രജിസ്ട്രിയിലെ 889/1981 നമ്പർ ആധാരപ്രകാരം പ്രതാപനും ടിയാന്റെ ഭാര്യ പുഷ്പവതിയും കൂടി തീറ് വാങ്ങിയിട്ടുള്ളതും മേപ്പടി ആധാരത്തിന്റ കീഴാധാരമായ കല്യാണി എന്നവരുടെ 19/1977ാം നമ്പർ മരണപത്രത്തിന്റെ മുന്നാധാരങ്ങളായ തൃപ്രയാർ സബ് രജിസ്ട്രിയിലെ 730/1977, 295/1958, 1078/1968 നമ്പർ ആധാരങ്ങളും 169/1975 നമ്പർ രശീതിയും തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടിട്ടുള്ളതാണെന്ന് ബാങ്കിനെ അറിയിച്ചിട്ടുള്ളതാണ്. ടി ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പികൾ ബാങ്കിൽ ഹാജരാക്കിയിട്ടുള്ളതാണ് മേൽപ്പറഞ്ഞ വസ്തു വഹകൾ ആർക്കെങ്കിലും എന്തെങ്കിലും വിധത്തിൽ അവകാശപ്പെടുന്നുവെങ്കിൽ 7 ദിവസത്തിനകം ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

ബ്രാഞ്ച് മാനേജർ
കനറാ ബാങ്ക്, കോട്ടയം - 2
MOB : 9495004350
തിയ്യതി: 01-05-2024

നഷ്ടപ്പെട്ടു

നാട്ടിക വില്ലേജിൽ കേശവൻ നായർ ഭാര്യ വല്ലത്ത് ശാന്തകുമാരിയമ്മയുടെ പേരിലുള്ള തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസിലെ 289/1970 (27/02/1970) നമ്പ്രാധാരം (സർവെ നമ്പർ 191/3) നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ തിരിച്ചേൽപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് ഭൂമി ക്രയവിക്രയം ചെയ്യുന്നതിൽ ആക്ഷേപമുള്ളവർ ഏഴ് ദിവസത്തിനകം അറിയിക്കേണ്ടതാണ്.
വല്ലത്ത് ശാന്തകുമാരിയമ്മ, നാട്ടിക.
ഫോൺ : 9495554076.

നഷ്ടപ്പെട്ടു

KL-07-BQ-1213 എന്ന ഹോണ്ട സിറ്റി കാർ ഉടമസ്ഥനായ SIJU.S S/O SIVADASAN, THAMBATTI VEEDU, WEST YAKKARA, PALAKKAD- 678001 എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ആഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം പാലക്കാട് റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്.
എന്ന്, R.T.O. പാലക്കാട്

പാലക്കാട് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ കോടതി മുമ്പാകെ
IA 227 / 2023
OPMV 2406 / 2019
The Oriental Insurance Co.Ltd
- ഹരിജി /R3
ചന്ദ്രശേഖരൻ.എം.കെ, S/o.വസന്ത, 9/96, അശ്വതി, തിരുവിളയനാട് ടെമ്പിൾ, തോട്ടക്കര, ഒറ്റപ്പാലം
- എതൃകക്ഷി/R2
മേൽനമ്പർ ഹരിജിയിൽ 2-ാം എതൃകക്ഷിയുടെ അസ്സൽ ഡ്രൈവിങ് ലൈസൻസ് ഹാജരാക്കുവാൻ കല്പിച്ച് ബോധിപ്പിച്ച IA 227/2023 നമ്പർ ഹരിജി 12-06-2024 തിയ്യതി വിചാരണക്കു വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.
എന്ന്, 11.04.2024
(ഒപ്പ്) സ്റ്റിനിയ.കെ.ജി,
ഹരിജിഭാഗം/R3, അഡ്വക്കേറ്റ്,
പാലക്കാട്.

BEFORE THE MOTOR ACCIDENTS CLAIMS TRIBUNAL, PALAKKAD
O.P.M.V. 769/2020
Vijayan.M, Rep.by brother and guardian Manikandan.M- Petitioner. Sumesh.K.P, S/o.Kesavan, Parappil House, Anandapuram.P.O, Thrissur -Respondent No.1
It is informed that the above case mentioned OP posted 06/05/2024 for the appearance of the 1st respondent. Failure to appear on that day the 1st respondent will be ser exparte and proceeded with by order MACT, Palakkad.
(Sd/-) C.Madhavankutty,
Advocate for Petitioner.

അറിയിപ്പ്

അണ്ടത്തോട് സ.റ ആപ്പീസ് 1986 ൽ 224-ാം നമ്പ്രായി ഞാനും മറ്റും കൂടി മുതൽ ഭാഗം ചെയ്ത് രജിസ്റ്ററാക്കി പിരിഞ്ഞ ഭാഗപത്രപ്രകാരം എന്റെ ഓഹരിക്ക് പ്രത്യേകം ഭാഗിച്ചുകിട്ടിയ ഭാഗപത്രം B പട്ടിക 3, 4 നമ്പറുകളായി സിദ്ധിച്ച പുന്നയൂർ അംശം ദേശത്ത് റീ.സ 230/8 ൽപ്പെട്ട 76 സെന്റും. 230 ൽ 7 ൽപ്പെട്ട 17 സെന്റും സ്ഥലത്തിന്റെ ആധാരം നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ പറയുന്ന അഡ്രസ്സിൽ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
എന്ന്, മെയ്തുട്ടി,
കാളത്ത്പറമ്പിൽ, പുന്നയൂർ,
ഫോൺ : 9633999443.

KSEB കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് — ദർഘാസ് പരസ്യം

ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, ജനറേഷൻ സർക്കിൾ, മൂലമറ്റം, ഇടുക്കി

ഇ-ടെൻഡർ ID: 2024_KSEB_671999_1 അടങ്കൽ തുക: 13,80,000/- രൂപ
അവസാന തീയതി : 14.05.2024 04.00 pm
ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in
വിശദ വിവരങ്ങൾക്ക് www.kseb.in PR/MC1/B-442/ E-Tender /2024

1961 ലെ കേരള സർവെയും അതിരടയാളവും ആക്ട് 9 (2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

സി2-3446/2022 — 20.04.2024

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ ചിറ്റണ്ട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ കേരള സർവെയും അതിരടയാളവും ആക്ട് 9 (1) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും ചിറ്റണ്ട ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിലും (ചുങ്കം കുണ്ടന്നൂർ ഹോം സെന്റർ കെട്ടിടത്തിലെ താഴത്തെ നില-വാർഡ് നം.14, കെട്ടിട നം.12) പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in പോർട്ടൽ